# രണ്ടാം സർഗ്ഗം.

അനന്തരം ശ്രീകമിതാവൊരുന്നാൾ
സ്യമന്തകം കാണ്മതിനെന്നു ചൊല്ലി
അനന്തഹേമാഭ കലൎന്നു ഭവ്യം-
പുലൎന്ന ഭാമാഭവനം ഗമിച്ചാൻ. 1

ആത്മീയകൃത്യങ്ങൾ വെടിഞ്ഞു വേഗാ-
ലാബാലവൃദ്ധം പുരവാസിലോകം
അണഞ്ഞു കണ്ണൻതിരുമേനി കണ്ണാൽ
നുകൎന്നു സംതൃപ്തിവരാതെ വീണ്ടും. 2

കാർവേണിമാർ കൌതുകമോടയയ്ക്കും
കടാക്ഷജാലം പിറകേയണഞ്ഞു
ചിന്നും ചിദാനന്ദമരന്ദസാര-
മിരന്നൊരിന്ദിന്ദിരമാലപോലെ. 3

മുരാരിതൻ മോഹനമെയ്യിൽനിന്നു
മാന്താർശരൻതന്നെ ലഭിക്കമൂലം
മാൎഗ്ഗസ്ഥരാമമ്മഹിളാജനങ്ങൾ
വൈദർഭിമാരായി വിളങ്ങിയപ്പോൾ. 4

പദങ്ങൾ കുമ്പിട്ടു കൃതാൎത്ഥരായ
ജനങ്ങൾതൻ ഭക്തിമയാംബുരാശി
മുകുന്ദമന്ദസ്മിതവെണ്ണിലാവേ-
റ്റുയൎന്നുവേലാതിഗമുല്ലസിച്ചു. 5

എൻവന്ദനം നന്ദനമായി നന്ദൻ–
തൻനന്ദനനെന്നു ജനങ്ങളെല്ലാം
ആനന്ദമാകുന്നൊരു ചന്ദനച്ചാ–
റണിഞ്ഞ നെഞ്ചൊൻറു വണങ്ങിനിന്നാർ. 6

അറിഞ്ഞു കൃഷ്ണാഗമനം മനസ്സിൽ
നിറഞ്ഞുയരുന്നൊരു കൗതുകശ്രീ
നയിച്ചുടനേ മാളികതൻെറ മേലേ–
നിലയ്ക്കു ഭാമാസുകുമാരദേഹം. 7

മനസ്സു മോഷ്ടിച്ചു മറഞ്ഞു മേവും
മൈക്കണ്ണിയെക്കണ്ടുപിടിക്കുവാനായ്
മുകുന്ദനേത്രം മണിമേട കാണ്മാൻ
മോഹിച്ച ഭാവത്തൊടണഞ്ഞിതുള്ളിൽ. 8

സസംഭ്രമം ചെന്നെതിരേററു ഭാമാ–
ചക്ഷുസ്സുടൻ സ്വാഗതവാക്യമോതി
സൌഹാർദ്ദമുൾക്കൊണ്ടതിനോട്ടുകൂടി–
സ്സരോജനേത്രാംഗമണഞ്ഞു വേഗാൽ. 9

ദൈത്യാരിയെത്തുന്നതറിഞ്ഞുസത്രാ–
ജിത്താദരത്താലെഴുനേററു മന്ദം
സാമോദമേതൽസവിധത്തിലെത്തി
പ്രേമോദയംപൂണ്ടെതിരേററിരുത്തി. 10

പൊന്നിൻകതിർപ്പൂങ്കുല തിങ്ങി വിങ്ങി–
ത്തിളങ്ങീടും തൽസദനാന്തരശ്രീ
മഞ്ജുപ്രഭം മഞ്ഞവെയിൽപ്രകാശം
ഘനീഭവിച്ചെന്നവിധം വിളങ്ങി. 11

ചിന്നുന്ന പൊന്നിൻ പ്രഭതൻപ്രഭാവം
പ്രാപിച്ച പത്മേക്ഷണദേഹമപ്പോൾ
ചാഞ്ചല്യമില്ലാത്തൊരു ചഞ്ചലാളി
കലൎന്ന കാർകൊണ്ടൽകണക്കു മിന്നി. 12

അമൂല്യരത്നങ്ങൾ സമുല്ലസിക്കും
സുവൎണ്ണസിംഹാസനമുജ്ജ്വലാഭം
അലങ്കരിക്കുന്ന മുരാരിതന്നോ-
ടവൻ കനക്കും കുതുകേന ചൊന്നാൻ:— 13

"ഹരേ! ഭവാൻ പാദമണയ്ക്കയാലി-
ഗ്ഗൃഹത്തിനുണ്ടായി പവിത്രഭാവം
സാഫല്യവും സാമ്പ്രതമാത്മജന്മ-
മനോരഥത്തിന്നുളവായ് മഹാത്മൻ! 14

തന്നാനെനിക്കായൊരു ചാരുരത്നം
നന്നായ് പ്രസാദിച്ചിഹ ലോകബന്ധു
ഭവാൻ ഗ്രഹിപ്പാനതു ചൊൽവതിന്നായ്
വരേണമെന്നോൎത്തിതു മുന്നമേ ഞാൻ. 15

അമന്ദവാത്സല്യമൊടെന്നുമെന്നാ-
ലാരാദ്ധ്യമാനം സുതരാം പവിത്രം
അതിങ്ങുനിത്യം കമലാവിലാസ-
മതിപ്രഭാവത്തൊടു ചേൎത്തിടുന്നു. 16

കാമാനുകൂലം വിഭവം കലൎന്നു
രമിച്ചുകൊൾവാനുതകുന്നവണ്ണം
മാഹാത്മ്യമേറുന്നൊരതിങ്കലാശ
പലക്കുമുണ്ടിങ്ങു വളൎന്നിടുന്നു. 17

അതിന്റെയുൽക്കർഷമറിഞ്ഞിടുമ്പോൾ
ഭവാനുദിക്കും പ്രമദാകുലത്വം
എന്നോടു സൌഹാർദ്ദവിശേഷവും മേൽ
വന്നീടുമെന്നോർത്തു വസിച്ചിടുന്നേൻ.” 18

വിശേഷമെല്ലാം വിധിപോൽ പറഞ്ഞാ-
വിശുദ്ധനേവം വിരമിച്ചനേരം
തദീയസാരസ്യ ചമൽകൃതാത്മാ
താപിഞ്ഛസൂനാഞ്ചിതമൂർത്തി ചൊന്നാൻ:— 19

“സുഹൃന്മണേ! നിൻസുകൃതാതിരേകം
സുഖം മനസ്സിന്നരുളുന്നു പാരം
സുവർണ്ണമീവർണ്ണമെഴുന്ന രത്നം
സുരേന്ദ്രസത്മത്തിലുമില്ലയല്ലോ. 20

മനസ്സിൽ മോദാതിശയം ത്രിലോകീ-
മഹസ്സിനേവം പുലരുംപ്രകാശം
വപുസ്സുഖത്തെക്കരുതാതെ ചെയ്ത
തപസ്സു തേ വിസ്മയനീയമത്രേ. 21

കാമപ്രദം നിൻ മണി കാണുവാനെൻ-
കണ്ണിന്നു കൌതുഹലമുണ്ടു പാരം
സ്ഥാനത്തിൽനിന്നായതു പോയിടാതെ
പാലിപ്പതിന്നും പരമാഗ്രഹം മേ.” 22

മുരാരിതൻ വാക്യഗുണം ഗ്രഹിച്ചു
മുതിന്ന മോദാംബുധിതന്നിൽ മുങ്ങി
മനോജ്ഞമാകും മണി കൊണ്ടുവന്നു
മാനിച്ചു ധന്യൻതിരുമുമ്പിൽ വച്ചു.